**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 809** **12-06-2024 - ൽ മറുപടിയ്ക്ക്**

**ആദിവാസികൾ അടക്കമുള്ള പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ ആദിവാസികൾ അടക്കമുള്ള പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം എത്രയെന്നും പ്രസ്തുത വിഭാഗങ്ങളിലെ ജനസംഖ്യ എത്രയെന്നും പുരുഷൻ/സ്ത്രീ എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ; | (എ) | 2018 ൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേ പ്രകാരം സംസ്ഥാനത്ത് ആകെ 147868 പട്ടികവർഗ്ഗ കുടുംബങ്ങളിലായി 242038 പുരുഷൻമാരും 260527 സ്ത്രീകളും ഉണ്ട്. |
| (ബി) | ഇതിൽ സ്വന്തമായി പാർപ്പിടമില്ലാത്ത കുടുംബങ്ങളുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ; | (ബി) | ഭൂരഹിത ഭവനരഹിതരായ 6441 പട്ടികവർഗ്ഗ കുടുംബങ്ങളും, ഭൂമിയുള്ള ഭവനരഹിതരായ 8380 പട്ടികവർഗ്ഗ കുടുംബങ്ങളും ഉള്ളതായി പട്ടികവർഗ്ഗ വികസന വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഭാഗങ്ങളിലെ എത്ര കുടുംബങ്ങൾക്ക് മുൻ സർക്കാർ പാർപ്പിടം നിർമ്മിച്ച് നൽകിയെന്നും ഈ സർക്കാർ നാളിതുവരെ എത്ര കുടുംബങ്ങൾക്ക് പാർപ്പിടം നിർമ്മിച്ച് നൽകിയെന്നും വ്യക്തമാക്കുമോ; | (സി) | ലൈഫ് മിഷൻ മുഖേന കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 22852 പട്ടികവർഗ്ഗ കുടുംബങ്ങളും, ഈ സർക്കാരിന്റെ കാലത്ത് 19142 പട്ടികവർഗ്ഗ കുടുംബങ്ങളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വിഭാഗങ്ങളിലെ അവശേഷിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും പാർപ്പിടം നിർമ്മിച്ച് നൽകുന്നതിന് ആവശ്യമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ലൈഫ് മിഷൻ മുഖേന ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, പുനരധിവാസ മേഖലയിൽ റ്റി.ആർ.ഡി.എം. മുഖേനയും ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ